പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 66 | 11.06.2012 ൽ മറുപടിക്ക്

നിയമവിരുദ്ധമായി ഉണ്ടാക്കിയ കരാർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ<br>,, പി. റ്റി. എ. റഹീം<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കടലിൽ കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുമായി നിയമവിരുദ്ധമായി ഇറ്റാലിയൻ സർക്കാർ കരാർ ഉണ്ടാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; വിശദമാക്കാമോ; | (എ) കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികളുടെ അവകാശികൾ നഷ്ടപരിഹാരം ആവശ്യപ്പെട്ട് കപ്പലുടമയ്ക്കും ഇറ്റാലിയൻ സർക്കാരിനും മറ്റും എതിരായി കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത അഡ്മിറാലിറ്റി സ്യൂട്ട് ബഹു: ഹൈക്കോടതി മീഡിയേഷൻ സെന്ററിന്റെ പരിഗണനയ്ക്കു വിടുകയും അവിടെ കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികളുടെ അവകാശികളും ഇറ്റാലിയൻ സർക്കാർ പ്രതിനിധികളും തമ്മിൽ ചർച്ച ചെയ്ത് നഷ്ടപരിഹാരത്തുകയെപ്പറ്റി ധാരണയിലെത്തി കരാറിലേർപ്പെടുകയും ഹൈക്കോടതിയുടെ അദാലത്ത് ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കരാറിൽ സംസ്ഥാന സർക്കാർ കക്ഷിയല്ല. |
| (ബി) പ്രസ്തുത കരാറിനെതിരെ സംസ്ഥാനസർക്കാർ അപ്പീൽ നൽകുകയുണ്ടായോ ; എങ്കിൽ എപ്പോൾ; കരാറിലേർപ്പെടുന്നതിന് സർക്കാരിന് വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളായിരുന്നു നടന്നിട്ടുണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) കരാറുമായി സർക്കാരിന് യാതൊരു ബന്ധവുമില്ല. കരാറിലോ കരാറിനടിസ്ഥാനമായ കേസിലോ സർക്കാർ കക്ഷിയല്ല. കരാർ വ്യവസ്ഥകൾ ഇറ്റാലിയൻ നാവികർക്കെതിരെ സംസ്ഥാന പോലീസ് കൈക്കൊണ്ട നിയമനടപടികളെ യാതൊരു വിധത്തിലും ബാധിക്കുന്നതല്ലെന്ന് കണ്ടതിനാൽ കരാറിനെതിരെ സംസ്ഥാന സർക്കാർ അപ്പീൽ നൽകിയിട്ടില്ല. |

(സി) പ്രസ്തുത കരാർ സംബന്ധിച്ച കേസിൽ സുപ്രീംകോടതിയിൽ നിന്ന് വിധി പ്രസ്താവിക്കുകയുണ്ടായോ; ജഡ്ജ്മെന്റിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

(സി) കരാർ സംബന്ധമായി യാതൊരു കേസും ബഹു. സുപ്രീംകോടതിയുടെ പരിഗണനയ്ക്ക് വന്നിട്ടില്ല. കപ്പൽ വിട്ടുകിട്ടുന്നതിനുവേണ്ടി കപ്പലുടമകൾ ബഹു. സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജി (SLP (C) No. 11942/2012)പരിഗണിക്കവേ പ്രസ്തുത കരാർ അവഗണിക്കാവുന്നതാണെന്ന് സുപ്രീംകോടതി പരാമർശിച്ചുവെങ്കിലും കരാർ സംബന്ധമായി പ്രത്യേക വിധി പ്രസ്താവനകളൊന്നും ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ